"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം തോപ്പുംപടി പള്ളുരുത്തി ഔവർ ലേഡീസ് കോൺവന്റ് ഗേൾസ് എച്ച്.എസ് -ലെ എച്ച്.എസ്.ടി (മാത്തമാറ്റിക്സ്) ശ്രീമതി.ജെസ്സി ജോസഫ് സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയും ടിയാൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C)No.34944/2024 മേലുള്ള വിധിന്യായം നടപ്പിലാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2545/2025/GEDN തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:-

1) എറണാകുളം തോപ്പുംപടി പള്ളുരുത്തി ഔവർ ലേഡീസ് കോൺവന്റ് ഗേൾസ് എച്ച്.എസ് -ലെ എച്ച്.എസ്.ടി (മാത്തമാറ്റിക്സ്) ശ്രീമതി.ജെസ്സി ജോസഫ് സമർപ്പിച്ച 23.09.2024 ലെ റിവിഷൻ ഹർജി
2) WP(C)No.34944/2024 മേലുള്ള 07.10.2024 ലെ വിധിന്യായം
3) എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ B3/2615/2024 നമ്പർ കത്ത്
4) എറണാകുളം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 21.12.2024 ലെ DDEEKM/101194/2024-IA3 നമ്പർ കത്ത്
5) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27.12.2024 ലെ R2/24733/DGE നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം തോപ്പുംപടി പള്ളുരുത്തി ഔവർ ലേഡീസ് കോൺവന്റ് ഗേൾസ് എച്ച്.എസ്-ലെ എച്ച്.എസ്.ടി (മാത്തമാറ്റിക്സ്) ശ്രീമതി.ജെസ്സി ജോസഫിന്റെ സീനിയർ ഗ്രേഡ് ഓപ്ഷനുമായി ബന്ധപ്പെട്ട തടസ്സവാദം ഒഴിവാക്കുന്നതിനായി പരാമർശം (1) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C)No.34944/2024 പ്രകാരം കേസ് ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി പരാതിക്കാരിയെയും പ്രധാനാദ്ധ്യാപികയെയും ബന്ധപ്പെട്ട മറ്റു കക്ഷികളെയും നേരിൽ കേട്ടതിനുശേഷം പരാമർശം (1) ലെ റിവിഷൻ ഹർജിയിൽ നാലു മാസത്തിനകം തീരുമാനമെടുക്കണമെന്ന് പരാമർശം (2) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയ്ക്കും ബന്ധപ്പെട്ട മറ്റു കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2. ഹർജിക്കാരിയുടെ യുടെ വാദങ്ങൾ ചുവടെ ചേർത്തിട്ടുള്ള പ്രകാരമാണ്:-

"എറണാകുളം തോപ്പുംപടി പള്ളുരുത്തി ഔവർ ലേഡീസ് കോൺവെന്റ് ഗേൾസ് ഹൈസ്കൂളിൽ 28.01.1997 മുതൽ എച്ച്.എസ്.ടി (മാത്തമാറ്റിക്സ്) ആയി ശ്രീമതി ജെസ്സി ജോസഫ് തുടർന്നുവരുന്നു. 8 വർഷം സർവീസ് പൂർത്തീകരിച്ചതിനാൽ ഹയർ ഗ്രേഡിനുള്ള ഓപ്ഷൻ പ്രകാരം 01.03.2006 മുതൽ 9590-16650 സ്കെയിലിൽ 10,310/- രൂപ ശമ്പളം നിർണയിച്ചിട്ടുള്ളതാണ്. 15 വർഷത്തെ സർവീസ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ 01.03.2012 (ഓപ്ഷൻ തീയതി) മുതൽ 18740-33680 സ്കെയിലിൽ 22,920/- രൂപ ശമ്പളം നിർണയിച്ച് 2-ാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ളതാണ്. എച്ച്.എസ്.ടി (മാത്തമാറ്റിക്സ്) തസ്തികയിൽ 22 വർഷം സർവീസ് പൂർത്തീകരിച്ചിട്ടുള്ളതിനാൽ 18.10.2018 മുതൽ 36600-79200 സ്കെയിലിൽ 56,700/- രൂപ ശമ്പളം നിർണയിച്ച് സെലക്ഷൻ ഗ്രേഡ് (3-ാം സമയ ബന്ധിത ഹയർ ഗ്രേഡ്) അനുവദിച്ചിട്ടുള്ളതാണ്. 31.05.2026 തീയതിയാണ് ശ്രീമതി ജെസ്സി ജോസഫ് സർവീസിൽ നിന്നും വിരമിക്കുന്നത്. 01.07.2014 മുതൽ 30.06.2026 തീയതി കാലയളവിൽ വിരമിക്കുന്ന അദ്ധ്യാപകരുടെ പേ ഫിക്സേഷൻ പരിശോധന വേളയിൽ ഓപ്ഷൻ ഡ്യൂ ആയ തീയതിയിൽ നിന്നും 3 മാസത്തിനകം ഓപ്ഷൻ നൽകേണ്ടതാണെങ്കിലും ശ്രീമതി ജെസ്സി ജോസഫ് ന് 01.03.2012 മുതൽ 22,920/- രൂപ സീനിയർ ഗ്രേഡ് നിർണയിച്ച് നൽകിയിട്ടുള്ളത് 01.08.2014 ലെ ടിയാളുടെ ഓപ്ഷന്റെ അടിസ്ഥാനത്തിലാണെന്ന കാരണത്താൽ ഡിഡിഇ എറണാകുളം തടസ്സവാദം ഉന്നയിക്കുകയും, 18.10.2011 ൽ ഡ്യൂ ആയ സീനിയർ ഗ്രേഡ് 01.03.2012 നാണ് ഓപ്റ്റ് ചെയ്തിരിക്കുന്നതെന്നും ഓപ്ഷൻ സമർപ്പിച്ചിരിക്കുന്നത് 01.08.2014 നാണെന്നും ഇത് അംഗീകരിക്കാനാവില്ലെന്നും ഡ്യൂ ഡേറ്റിന്റെ 3 മാസത്തിനുള്ളിൽ ഓപ്ഷൻ സമർപ്പിക്കേണ്ടതായിരുന്നുവെന്നും ഡ്യൂ ഡേറ്റ് ഫിക്സ് ചെയ്ത് തുടർന്നുള്ള ശമ്പളനിർണ്ണയങ്ങളും ക്രമീകരിക്കുവാൻ ഉത്തരവായിട്ടുള്ളതുമാണ്. 29.06.1976 ലെ ജി.ഒ(എം.എസ്)നം.72/1976/പൊ.വി.വ, 04.06.1987 ലെ ജി.ഒ (എം.എസ്)നം. 117/87/പൊ.വി.വ, 27.04.1989 ലെ ജി.ഒ.(എം.എസ്)നം.42/89/പൊ.വി.വ എന്നിവ പ്രകാരം ഗ്രേഡ് പ്രൊമോഷൻ ഉത്തരവ് ഡ്യൂ ആകുന്ന തീയതിയിൽ തന്നെ ആദ്യം വിദ്യാഭ്യാസ ഓഫീസർ ശമ്പളം നിശ്ചയിച്ച് ഉത്തരവ് ഇറക്കുമെന്നും അതിന് 3 മാസത്തിനകമാണ് ഗ്രേഡിന് ഓപ്ഷൻ നൽകേണ്ടതെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. ഇവിടെ വിദ്യാഭ്യാസ ഓഫീസർമാർ യാതൊരു പ്രൊമോഷൻ ഉത്തരവുകളും പാസാക്കിയിട്ടില്ല. ആയതിനാലാണ് ഓപ്ഷൻ സമർപ്പിക്കുവാൻ കാലതാമസം വന്നിട്ടുള്ളത്. 18.10.2011 തീയതിയാണ് ശ്രീമതി ജെസ്സി ജോസഫ് ന് ഹയർ ഗ്രേഡ് ഡ്യൂ ആകുന്നത്. എന്നാൽ 01.08.2014 വരെ ഡി.ഇ.ഒ ഹയർ ഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച് യാതൊരു ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നില്ല. 10.10.2014 തീയതിയാണ് ഓപ്ഷൻ തീയതിയും ഹയർ ഗ്രേഡും ഡി.ഇ.ഒ അനുവദിച്ച് തന്നിട്ടുള്ളത്. ആയതിനാൽ ഓപ്ഷൻ സമർപ്പിക്കുവാൻ യാതൊരു കാലതാമസവും ഉണ്ടായിട്ടില്ല. മേൽ സാഹചര്യങ്ങളും സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 28.06.2024 ലെ തടസ്സവാദം മാറ്റി എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് നൽകുവാൻ ഒരു ഉത്തരവ് ഉണ്ടാകണം.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം, എറണാകുളം പള്ളുരുത്തി ഔവർ ലേഡീസ് കോൺവെന്റ് ഗേൾസ് എച്ച്.എസ് ലെ ശ്രീമതി. ജെസ്സി ജോസഫിന്റെ 31.05.2026 ലെ വിരമിക്കലിന് മുന്നോടിയായി നടത്തിയ ശമ്പള നിർണ്ണയ പരിശോധനയിൽ ടിയാളുടെ രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചതുമായി ബന്ധപ്പെട്ട് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ തടസ്സവാദം ഉന്നയിക്കുകയുണ്ടായി. ശ്രീമതി ജെസ്സി ജോസഫ്

28.01.1997 മുതൽ എച്ച്.എസ്.ടി ആയി തുടർച്ചയായി സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് ബ്രോക്കൺ സർവീസ് കൂട്ടിച്ചേർത്ത് 18.10.2011 ൽ ഡ്യൂ ആയ സീനിയർ ഗ്രേഡ് 01.03.2012 ൽ ഓപ്റ്റ് ചെയ്യുകയും ഓപ്ഷൻ സമർപ്പിച്ചിരിക്കുന്നത് 01.08.2014 നും ആണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയ്ക്ക് അനുവദിച്ച സീനിയർ ഗ്രേഡിൽ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ തടസ്സവാദം ഉന്നയിക്കുകയുണ്ടായി. ഡ്യൂ ഡേറ്റിന്റെ 3 മാസത്തിനുള്ളിൽ ഓപ്ഷൻ സമർപ്പിക്കേണ്ടിയിരുന്നതിനാൽ ഡ്യൂ ഡേറ്റിൽ ഫിക്സ് ചെയ്തു തുടർന്നുള്ള ശമ്പള നിർണ്ണയങ്ങൾ ക്രമീകരിക്കുക എന്നതായിരുന്നു തടസ്സവാദം. സേവന പുസ്തകത്തിന്റെ സൂക്ഷിപ്പുകാരൻ പ്രധാനാദ്ധ്യാപകൻ ആയതിനാൽ സ്കൂളിൽ നിന്ന് പ്രൊപ്പോസൽ ലഭിക്കാതെ വിദ്യാഭ്യാസ ഓഫീസർക്ക് ഗ്രേഡ് due ആയത് അറിയുവാൻ നിർവ്വാഹമില്ല. കൂടാതെ ഗ്രേഡ് അനുവദനീയമായിട്ടും ആയത് ലഭ്യമാകാത്ത സാഹചര്യത്തിൽ ശ്രീമതി ജെസ്സി ജോസഫ് ആയത് ശ്രദ്ധയിൽപ്പെടുത്തി അപേക്ഷയോ പരാതിയോ സമർപ്പിച്ചിരുന്നില്ല. ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ ഒരിടത്തും ഗ്രേഡ് നിർണ്ണയാധികാരി due date-ൽ ഗ്രേഡ് അനുവദിക്കും മുൻപ് ജീവനക്കാരന് സമയബന്ധിതമായി ഓപ്ഷൻ സമർപ്പിക്കാൻ അവകാശമില്ലെന്ന് പറഞ്ഞിട്ടില്ല. ആയതിനാൽ തന്നെ due date-ൽ ഗ്രേഡ് അനുവദിക്കാത്തത് കൊണ്ട് ഓപ്ഷൻ സമർപ്പിക്കാൻ വൈകി എന്ന വാദം അംഗീകരിക്കത്തക്കതല്ലെന്നും ഗ്രേഡ് അനുവദനീയമായ തീയതിക്കും ശേഷം വർഷങ്ങൾ കഴിഞ്ഞ് ഇപ്രകാരം ഓപ്ഷൻ അനുവദിക്കുന്ന പ്രവണത ഒരു തെറ്റായ നടപടിയാണെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. സ.ഉ (പി) നം.794/81/(389)ഫിൻ തീയതി 23-11-1981 പ്രകാരം ഒരു ജീവനക്കാരന് ഓപ്ഷൻ സമർപ്പിക്കാനുള്ള സമയപരിധി അദ്ദേഹത്തിന് ഗ്രേഡ് അനുവദനീയമായ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിലാണ്. ആയതു പ്രകാരം സീനിയർ ഗ്രേഡിന് അർഹത വന്ന 18.10.2011 ന് ശേഷം 3 മാസം കഴിഞ്ഞു 01.08.2014 ന് 01.03.2012 ലേയ്ക്കുള്ള ഓപ്ഷൻ സമർപ്പിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. സ.ഉ (എം.എസ്) നം.42/89/പൊ.വി.വ തീയതി 27.04.1989 പ്രകാരം ഗ്രേഡ് അനുവദനീയമായ തീയതിയ്ക്ക് മൂന്ന് മാസത്തിനുള്ളിൽ ഓപ്ഷൻ സമർപ്പിക്കാത്ത ജീവനക്കാരന് മേലധികാരി due-date-ൽ ഗ്രേഡ് അനുവദിച്ച് ഉത്തരവ് നൽകുമ്പോൾ ടി ഉത്തരവ് തീയതി മുതൽ മൂന്ന് മാസം ടിയാന് ഓപ്ഷൻ സമർപ്പിക്കാൻ അനുവാദം നൽകിയിട്ടുള്ളതാണ്. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ശമ്പളപരിഷ്കരണ ഉത്തരവുകളിലെ വ്യവസ്ഥകളും നിർദേശങ്ങളുമാണ് സമയബന്ധിത ഗ്രേഡിന് ആധാരമായിട്ടുള്ളതെന്നതിനാൽ, നിശ്ചിത കാലയളവിനുള്ളിൽ option നൽകിയിട്ടില്ലായെങ്കിൽ സമയബന്ധിത ഹയർ ഗ്രേഡിന്റെ due date ൽ option നൽകിയതായി കണക്കാക്കി ശമ്പളം നിർണ്ണയിച്ച് നൽകണമെന്ന് 08.08.2008 ലെ 46/2008/fin നമ്പർ സർക്കുലറിലെ ഖണ്ഡിക 11 ൽ നിഷ്കർഷിച്ചിട്ടുണ്ട്. due date-ൽ ഗ്രേഡ് അനുവദിച്ചുകൊണ്ട് മേലധികാരി ഉത്തരവ് നൽകിയ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ജീവനക്കാരൻ ഗ്രേഡിന് ഓപ്ഷൻ സമർപ്പിക്കാത്തപക്ഷം, ഗ്രേഡിന് due date മുതൽ പ്രാബല്യമുണ്ടാകുകയുള്ളൂ എന്ന് ജി.ഒ (പി) നം. 367/96/(87)/ഫിൻ. തീയതി 19.04.1996 ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്നു.

4. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. 18.10.2011 ൽ ഡ്യൂ ആയ രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് 01.03.2012 ൽ ഓപ്റ്റ് ചെയ്ത് ശ്രീമതി ജെസ്സി ജോസഫ് ഓപ്ഷൻ സമർപ്പിച്ചിരിക്കുന്നത് 01.08.2014

നാണ്. സ.ഉ (പി) നം. 794/81/(389)ഫിൻ തീയതി 23-11-1981 പ്രകാരം ഒരു ജീവനക്കാരന് ഓപ്ഷൻ സമർപ്പിക്കാനുള്ള സമയപരിധി അദ്ദേഹത്തിന് ഗ്രേഡ് അനുവദനീയമായ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിലാണ്. എന്നാൽ ഈ കാലാവധിയ്ക്ക് ശേഷം ഓപ്ഷൻ സമർപ്പിച്ചിട്ടുളളതിനാലാണ് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ തടസ്സവാദം ഉന്നയിച്ചിട്ടുളളത്. ഗ്രേഡ് പ്രൊമോഷൻ ഉത്തരവ് ഡ്യൂ ആകുന്ന തീയതിയിൽ തന്നെ ആദ്യം വിദ്യാഭ്യാസ ഓഫീസർ ശമ്പളം നിശ്ചയിച്ച് ഉത്തരവ് ഇറക്കുമെന്നും അതിന് 3 മാസത്തിനകമാണ് ഗ്രേഡിന് ഓപ്ഷൻ നൽകേണ്ടതെന്നും എന്നാൽ വിദ്യാഭ്യാസ ഓഫീസർമാർ ഇപ്രകാരമുളള യാതൊരു പ്രൊമോഷൻ ഉത്തരവുകളും പാസാക്കിയിട്ടില്ലാത്തതിനാലാണ് ഓപ്ഷൻ സമർപ്പിക്കുവാൻ കാലതാമസം വന്നിട്ടുളളതെന്നാണ് ഹർജിക്കാരിയുടെ വാദം. സേവന പുസ്തകത്തിന്റെ സൂക്ഷിപ്പുകാരൻ പ്രധാനാദ്ധ്യാപകനായതിനാൽ സ്കൂളിൽ നിന്ന് പ്രൊപ്പോസൽ ലഭിക്കാതെ വിദ്യാഭ്യാസ ഓഫീസർക്ക് ഗ്രേഡ് due ആയത് അറിയുവാൻ നിർവ്വാഹമില്ലെന്നും അനുവദനീയമായ ഗ്രേഡ് ലഭ്യമാകാതിരുന്നിട്ടും ആയത് ശ്രദ്ധയിൽപ്പെടുത്തി ശ്രീമതി ജെസ്സി ജോസഫ് അപേക്ഷയോ പരാതിയോ സമർപ്പിച്ചിരുന്നില്ലെന്നും ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ ഒരിടത്തും ഗ്രേഡ് നിർണ്ണയാധികാരി due date-ൽ ഗ്രേഡ് അനുവദിക്കും മുൻപ് ഓപ്ഷൻ സമർപ്പിക്കാൻ അവകാശമില്ലെന്ന് പറഞ്ഞിട്ടില്ലെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിക്കുകയുണ്ടായി.

5. 08.08.2008 ലെ 46/2008/ധന നമ്പർ സർക്കുലറിലെ ഖണ്ഡിക 11 പ്രകാരം സമയ ബന്ധിത ഗ്രേഡ് പ്രൊമോഷൻ അനുവദിച്ച് പുറപ്പെടുവിച്ച ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തിനകമാണ് ഓപ്ഷൻ സമർപ്പിക്കേണ്ടത്. എന്നാൽ നിശ്ചിത കാലയളവിനുള്ളിൽ option നൽകാത്തപക്ഷം സമയബന്ധിത ഹയർ ഗ്രേഡിന്റെ due date ൽ option നൽകിയതായി കണക്കാക്കി ശമ്പളം നിർണ്ണയിച്ച് നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 10.10.2014 തീയതിയിലെ B3-4803/2014/K.Dis ഉത്തരവ് പ്രകാരമാണ് ശ്രീമതി. ജെസ്സി ജോസഫിന് രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചതായി കാണുന്നത്. ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻകൂറായി ടിയാൾ ഓപ്ഷൻ സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ ടിയാൾ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡിന് 01/08/2014 ന് സമർപ്പിച്ച ഓപ്ഷൻ തീയതിയായ 01/03/2012 അംഗീകരിക്കാവുന്നതാണ്.

6. മേൽ സാഹചര്യത്തിൽ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ ഉന്നയിച്ച തടസ്സവാദം ഒഴിവാക്കി പരാതിക്കാരി 01.082014 ന് സമർപ്പിച്ച ഓപ്ഷൻ തീയതിയായ 01.03.2012 അംഗീകരിച്ച് ടിയാൾക്ക് രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതിന് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കിയും അപ്രകാരം പരാമർശം (2) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ്വ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എറണാകുളം.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
ഹെഡ്മാസ്റ്റർ/ശ്രീമതി.ജെസ്സി ജോസഫ് എച്ച്.എസ്.ടി (മാത്തമാറ്റിക്സ്) ഔവർ ലേഡീസ് കോൺവന്റ് ഗേൾസ് തോപ്പുംപടി, പള്ളുരുത്തി, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (13.02.2025 ലെ E-3027306/EDN-A1/12/2025-FIN E-2947639/GEDN പ്രകാരം)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 08-04-2025 17:03:07
സെക്ഷൻ ഓഫീസർ